# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3266

24.02.2016 ൽ മറുപടിയ്ക്ക്

## ജാസ്മി, സജ്ന, ഫാത്തിമ എന്നിവരുടെ ആത്മഹത്യ സംബന്ധിച്ച അന്വേഷണം

| ചോദ്യം<br>ശ്രീ.ബി.സത്യൻ | ഉത്തരം<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിളിമാനൂർ പുതിയകാവ്, ജാസ്മി മൻസിലിൽ സൈനുദ്ദീന്റെ മക്കളായ ജാസ്മി, സജ്ന, ജാസ്മിയുടെ മകൾ ഫാത്തിമ എന്നിവർ ആത്മഹത്യ ചെയ്യുവാനിടയായ സാഹചര്യത്തെ സംബന്ധിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ) കിളിമാനൂർ പുതിയകാവ്, ജാസ്മി മൻസിലിൽ സൈനുദ്ദീന്റെ മക്കളായ ജാസ്മി, സജ്ന, ജാസ്മിയുടെ മകൾ ഫാത്തിമ എന്നിവർ ആത്മഹത്യ ചെയ്യുവാൻ ഇടയായതു സംബന്ധിച്ച പേട്ട പി.എസ് ക്രൈം 1420/2015, ക്രൈം 1422/2015 എന്നീ കേസുകൾ ക്രൈം നമ്പർ Cr.No.224/CR/HHW-I/15, Cr.No.225/CR/HHW-I/2015 ആയി റീ നമ്പർ ചെയ്ത് 21.12.2015 മുതൽ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചു വരുന്നു. |
| (ബി) കേസിൽ ആരെയൊക്കെയാണ് പ്രതി ചേർത്തിട്ടുള്ളതെന്നും എത്ര പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ ; | (ബി) പുതുക്കാട് മുസ്ലീം പള്ളിയ്ക്കു സമീപം ലൈലാ മൻസിലിൽ ഷൗക്കത്തലി മകൻ നാസർ(45) ജാസ്മിന്റെ ഉമ്മയുടെ സഹോദരിമാരായ മഹർബാൻ, മുംതാസ് എന്നിവരെയാണ് Cr. No.224/CR/HHW-I/ 15 എന്ന കേസിൽ പ്രതി ചേർത്തിട്ടുള്ളത്. മൂന്നുപേരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. മൂന്നുപേരും ഇപ്പോൾ സോപാധിക ജാമ്യത്തിലാണ്.<br>ടി മഹർബാൻ, മുംതാസ് എന്നിവരെ Cr.No.225/CR/HHW-I/2015 കേസിലും പ്രതിചേർത്തിട്ടുണ്ട്. രണ്ടുപേരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. രണ്ടുപേരും ഇപ്പോൾ സോപാധിക ജാമ്യത്തിലാണ്. |
| (സി) കേസന്വേഷണത്തിന്റെ മേൽ നോട്ടം ആർക്കാണെന്നും അന്വേഷണം എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ ? | (സി) കേസന്വേഷണത്തിന്റെ മേൽനോട്ടം ക്രൈംബ്രാഞ്ച് സി.ഐ.ഡി, എച്ച്.എച്ച്.ഡബ്ല്യു. I പോലീസ് സൂപ്രണ്ടിനാണ്. 21.12.2015 മുതൽ ക്രൈംബ്രാഞ്ച് വിഭാഗം കേസ് ഏറ്റെടുക്കുകയും അന്വേഷണം ഊർജിതമായി നടത്തി വരുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ